പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 523 — 11.06.2013 ലെ മറുപടിയ്ക്ക്

ഭാഗ്യക്കുറി വകുപ്പിന്റെ നവീകരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ. സി.പി. മുഹമ്മദ് | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് ഭാഗ്യക്കുറി വകുപ്പിനെ നവീകരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | (എ) | നിലവിൽ സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് നവീകരണവുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1) നിലവിലെ നറുക്കെടുപ്പ് രീതിയിൽ നിന്ന് ഭിന്നമായി യന്ത്രവത്കൃത നറുക്കെടുപ്പ് ഉപകരണത്തിൽ നറുക്കെടുപ്പ് നടത്തുന്നതിനായി Sidco മുഖേന, വകുപ്പ് ഒരു ഡ്രോ മെഷീൻ വാങ്ങിയിട്ടുണ്ട്. ആയതിൽ നറുക്കെടുക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. നറുക്കെടുപ്പ് സുഗമമാക്കാൻ മറ്റൊരു Standby മെഷീനും ഓർഡർ നൽകിയിട്ടുണ്ട്.<br><br>2) നറുക്കെടുപ്പിൽ നിലവിൽ പരിമിതമായ പൊതുജന സാന്നിദ്ധ്യം മാത്രമേ ഉള്ളൂ. ആയത് പരിധിയില്ലാത്ത ജനമദ്ധ്യത്തിലെത്തിക്കാൻ നറുക്കെടുപ്പ് നടപടിക്രമം Webcast ചെയ്യുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. C-dit മുഖേനയാണ് പദ്ധതി നടപ്പിൽ വരുത്തുന്നത്. ഇത് സംബന്ധിച്ച പ്രവർത്തനം പുരോഗമിച്ചുവരുന്നു.<br><br>3) നിയമ വിധേയമല്ലാത്ത ഭാഗ്യക്കുറികൾ നിരോധിച്ച സാഹചര്യത്തിൽ സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റിനുണ്ടായിരിക്കുന്ന അഭൂതപൂർവ്വമായ വിൽപ്പന വർദ്ധന ഭാഗ്യക്കുറി ഓഫീസുകളിൽ അനിയന്ത്രിതമായ തിരക്കിനിടനൽകുന്നുണ്ട് . |

| | | | |
|---|---|---|---|
| | | | ആയത് ഒരു പരിധിയോളം ഒഴിവാക്കുന്നതിന് SBTയുമായി സഹകരിച്ച് ഏജന്റുമാരുടെ ടിക്കറ്റ് പർച്ചേസ് തുക SBT-വഴി Remit ചെയ്യാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പരീക്ഷണാർത്ഥം പ്രാഥമികമായി തിരുവനന്തപുരം ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ നടപ്പിൽ വരുത്തി. മറ്റു ജില്ലാ ഓഫീസുകളിലേയ്ക്കും ഇത് വ്യാപിപ്പിക്കുന്നതാണ്.<br><br>IDEAS FILE TRACKING SYSTEM നടപ്പിൽ വരുത്തുന്നതിലേയ്ക്ക് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്. വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | യന്ത്രവൽകൃത നറുക്കെടുപ്പ് നിലവിൽ വരുന്നതോടെ കൂടുതൽ സമ്മാനങ്ങൾ ഓരോ ലോട്ടറി സ്കീമിനും നൽകാൻ സാധിക്കും.<br><br>കേരളജനസമൂഹത്തിന് മുഴുവനും നറുക്കെടുപ്പ് പ്രക്രിയ കാണാനും മനസ്സിലാക്കാനും സാധിക്കും.<br><br>ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിലെ തിരക്ക് ഒഴിവാക്കുന്നതിനും, തദ്വാരാ ടിക്കറ്റ് വിതരണം സുഗമമാക്കുന്നതിനും കഴിയും. |
| (സി) | ഏതെല്ലാം ഏജൻസികളെയാണ് ഇതിനു വേണ്ടി പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; | (സി) | Keltron, Sidco, C-dit, SBT, NIC എന്നീ ഏജൻസികൾ മുഖാന്തിരമാണ് വകുപ്പിന്റെ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നത്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (ഡി) | 1) നറുക്കെടുപ്പ് മെഷീനിൽ ടിക്കറ്റ് നറുക്കെടുപ്പ് നടത്തുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.<br><br>2) നറുക്കെടുപ്പ് വെബ്കാസ്റ്റ് ചെയ്യുന്നത് സംബന്ധിച്ച് C-dit -ന് വർക്ക് ഓർഡർ നൽകുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>3) SBI-യിൽ രണ്ട് അക്കൗണ്ടുകൾ ഡയറക്ടറുടെ പേരിലും, ജില്ലാ ഭാഗ്യക്കുറി ഓഫീസറുടെ പേരിലും തുറന്നിട്ടുണ്ട്. തിരുവനന്തപുരം ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ പൈലറ്റ് പ്രോജക്റ്റായി ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 4) IDEAS നടപ്പിലാക്കുന്നതിനു മുന്നോടിയായി NIC-യിലെ രണ്ട് ഉയർന്ന ഉദ്യോഗസ്ഥർ ഡയറക്ടറേറ്റിലെ ജീവനക്കാർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഇവരുടെ നിർദ്ദേശാനുസരണം വിവിധ തസ്തികകളിലെ ജീവനക്കാരുടെ വിശദാംശം NIC -യ്ക്ക് നൽകാനായി നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.